# ക്ഷമ ഈമാനിന്റെ ഭാഗം

അല്ലാഹുﷻ പറഞ്ഞു:

﴿ وَمَن يُؤْمِنۢ بِٱللَّهِ يَهْدِ قَلْبَهُۥ ﴾

(..........വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്നപക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്...) (വി.ഖു. 64:11)

ഇമാം അൽക്വമﷺ പറഞ്ഞു:''ആയത്തിൽ പറഞ്ഞ വ്യക്തി, ഒരു മുസ്വീബത്ത് ഏൽക്കുകയും അത് അല്ലാഹുﷻയിൽ നിന്നാണെന്ന് അറിയുകയും ചെയ്യുന്നവനാണ്. അയാൾ അതിൽ തൃപ്തിപ്പെടുകയും, സമർപ്പിക്കുകയും ചെയ്യും.''[1]

അബൂഹുറയ്റﷺവിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

«اثْنَتَانِ فِي النّاسِ هُمَا بِهِمْ كُفْرٌ: الطّعْنُ فِي النّسَبِ وَالنّيَاحَةُ عَلَى الْمَيّتِ».

''ര ് കാര്യങ്ങൾ ജനങ്ങളിലുണ്ട്. അവ രണ്ടും അവരെ കുഫ്റിലാക്കി. തറവാടിനെ കുത്തിപ്പറയുക, മരിച്ചവരുടെ പേരിൽ ആർത്തട്ടഹസിക്കുക'' (മുസ്‌ലിം)

ഇബ്നു മസ്ഊദ്ﷺവിൽനിന്ന് റസൂൽﷺ പറഞ്ഞതായി നിവേദനം:

«لَيْسَ مِنّا مَنْ ضَرَبَ الْخُدُودَ, وَشَقّ الْجُيُوبَ. وَدَعَا بِدَعْوَى الْجَاهِلِيّةِ»

''കവിളത്തടിക്കുന്നവനും കുപ്പായം വലിച്ചുകീറുന്നവനും ജാഹിലിയ്യത്തിലെ ആർത്തവിലാപം നടത്തുന്നവനും നമ്മിൽപെട്ടവനല്ല.'' (മുസ്‌ലിം)

അനസ്ﷺവിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

---

[1] തഫ്സീറു ഇബ്നി ജരീർ, തഫ്സീറു ഇബ്നി അബീ ഹാതിം.

«إِذَا أَرَادَ اللهُ بِعَبْدِهِ الْخَيْرَ عَجَّلَ لَهُ الْعُقُوبَةَ فِي الدُّنْيَا, وَإِذَا أَرَادَ بِعَبْدِهِ الشَّرَّ أَمْسَكَ عَنْهُ بِذَنْبِهِ حَتَّى يُوَافِيَ بِهِ يَوْمَ الْقِيَامَةِ».

"അല്ലാഹു തന്റെ ദാസന് നന്മ ഉദ്ദേശിച്ചാൽ അയാൾക്കുള്ള ശിക്ഷ ദുനിയാവിൽ പെട്ടെന്നുനൽകും. അവൻ തന്റെ ദാസന് തിന്മ ഉദ്ദേശിച്ചാൽ, അയാളുടെ പാപത്തിന്റെ ശിക്ഷയെ (ദുനിയാവിൽ വെച്ച്) തടയുകയും അന്ത്യനാളിൽ പുർണ്ണമായി നൽകുകയും ചെയ്യും." [1]

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

«إِنَّ عِظَمَ الْجَزَاءِ مَعَ عظمِ الْبَلاَءِ, وَإِنَّ اللهَ إِذَا أَحَبَّ قَوْماً ابْتَلاَهُمْ, فَمَنْ رَضِيَ فَلَهُ الرِّضَى, وَمَنْ سَخِطَ فَلَهُ السَّخَطُ» حسنه الترمذي.

"കടുത്ത പരീക്ഷണത്തോടൊപ്പമാണ് മഹത്തായ പ്രതിഫലം. അല്ലാഹു ഒരു വിഭാഗത്തെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷിക്കുന്നതാണ്. ആരെങ്കിലും അതിൽ തൃപ്തിയടഞ്ഞാൽ അവന് അല്ലാഹുവിന്റെ തൃപ്തിയുണ്ട്. വല്ലവനും അതിൽ കോപാകുലനായാൽ അവന് അല്ലാഹുവിന്റെ കോപമുണ്ടാകുന്നതാണ്." [2]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- സൂറത്ത് തഗാബുനിലെ ആയത്തിന്റെ തഫ്സീർ
- വിധിയിൽ ക്ഷമിക്കുകയെന്നത് അല്ലാഹുവിലുള്ള വിശ്വാസത്തിൽ പെട്ടതാണ്.
- തറവാടിനെ അധിക്ഷേപിക്കൽ (കുഫ്റാണ്)
- കവിളത്തടിക്കുകയും, മാറിടംകീറുകയും ജാഹിലിയ്യത്തിലെ ആർത്തവിലാപം നടത്തുകയും ചെയ്യുന്നവർക്കുള്ള ശക്തമായ താക്കീത്.
- അല്ലാഹുﷻ തന്റെ ദാസന് നന്മ ഉദ്ദേശിക്കുന്നു എന്നതിന്റെ അടയാളം
- അല്ലാഹുﷻ തന്റെ ദാസന് തിന്മ ഉദ്ദേശിക്കുന്നു എന്നതിന്റെ അടയാളം

---

[1] സുനനുത്തിർമുദി, ഹാകിം. അൽബാനി ഹദീഥിനെ 'സ്വഹീഹാ'ക്കിയിരിക്കുന്നു.

[2] സുനനുത്തിർമുദി. അൽബാനി ഹദീഥിനെ 'ഹസനാ'ക്കിയിരിക്കുന്നു.

- അല്ലാഹുﷻ, ദാസനെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവ്.
- അല്ലാഹുﷻയുടെ പരീക്ഷണത്തിൽ കോപിക്കുന്നത് നിഷിദ്ധമാക്കൽ.
- അല്ലാഹുﷻയുടെ പരീക്ഷണത്തിൽ തൃപ്തിപെടുന്നതിലുള്ള പ്രതിഫലം.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**